സൗജന്യ പുസ്തക വിതരണം

91 (1401) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. മോഹൻകുമാർ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് പാഠപുസ്തകങ്ങൾ സൗജന്യമായി നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ക്ലാസ്സുകളിലെ പുസ്തകങ്ങൾ എന്നും എത്ര വിദ്യാർത്ഥികൾക്ക് സൗജന്യമായി പുസ്തക വിതരണം നടത്തിയെന്നും വ്യക്തമാക്കുമോ ;

(സി) അതിന് എന്ത് തുക ചെലവായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് സ്കൂളികളിലേയും എയിഡഡ് സ്കൂളികളിലേയും ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും പുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു. കൂടാതെ 2 മുതൽ 8 വരെ ക്ലാസുകളിലെ എല്ലാ പെൺകുട്ടികൾക്കും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ആൺകുട്ടികൾക്കും എസ്.എസ്.എ. പദ്ധതി പ്രകാരവും സൗജന്യമായി പാഠപുസ്തകം നൽകി വരുന്നുണ്ട്. സൗജന്യ വിതരണം പൂർത്തിയായിട്ടില്ലാത്തതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

(സി) സൗജന്യ വിതരണം പൂർത്തിയായിട്ടില്ലാത്തതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്ന ടൂറിസം ക്ലബുകൾക്കുള്ള സാമ്പത്തിക സഹായം

92 (1402) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്കൂളുകളിൽ പ്രവർത്തിച്ചു വരുന്ന ടൂറിസം ക്ലബുകളുടെ പ്രവർത്തനം ഗവൺമെന്റ് മോണിറ്ററിംഗ് നടത്താറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ക്ലബുകൾക്ക് ഗവൺമെന്റ് സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര രൂപ വീതമാണ് പ്രതിവർഷം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്കൂളുകളിൽ ക്ലബ് രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങളൊന്നും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടക്കുന്നില്ല. എന്നാൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ, സ്കൂളുകളിൽ പ്രവർത്തിക്കുന്ന ഇത്തരം ക്ലബുകളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നുണ്ട്.

(ബി&സി) ഓരോ ക്ലബിനും 2500 രൂപ വീതം 2002, 2003 എന്നീ വർഷങ്ങളിൽ ടൂറിസം വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

93 (1403) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വശിക്ഷാ അഭിയാൻ ഏത് വർഷം മുതലാണ് നടപ്പിലാക്കിയതെന്ന് പറയാമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) കഴിഞ്ഞ രണ്ട് വർഷമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇതിന് ചെലവഴിച്ച തുക എത്രയാണ് ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിലുള്ള ഗുരുതരമായ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പദ്ധതി തുക ചെലവഴിക്കുന്നതിൽ ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഈ പദ്ധതി ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നിർവ്വഹിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2001-02 മുതലാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

(ബി)

1. ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് 2010 വർഷത്തോടെ ഗുണമേന്മയുള്ള എലിമെന്ററി വിദ്യാഭ്യാസം നൽകുക.
2. 2003 വർഷത്തോടെ എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കുക.

LIBRARY ARCHIVES Kerala Legislative Assembly